കെ.സി സലീം കരിങ്ങനാട്
kckaringanad@gmail.com

# ഹൃദയസ്ഥൈര്യവും കർമനൈരന്തര്യവും

عَنْ أَنَسٍ(ر) قَالَ: كَانَ رَسُولُ اللَّهِ صلى الله عليه وسلم يُكْثِرُ أَنْ يَقُولَ : يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ فَقُلْتُ: يَا رَسُولَ اللَّهِ آمَنَّا بِكَ وَبِمَا جِئْتَ بِهِ فَهَلْ تَخَافُ عَلَيْنَا ؟ قَالَ: نَعَمْ إِنَّ الْقُلُوبَ بَيْنَ أُصْبُعَيْنِ مِنْ أَصَابِعِ اللَّهِ يُقَلِّبُهَا كَيْفَ يَشَاءُ

**അനസി(റ)ൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. റസൂൽ (സ) ധാരാളമായി പറഞ്ഞുകൊണ്ടേയിരിക്കുമായിരുന്നു: 'ഹൃദയങ്ങൾ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയം നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ.' അപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ താങ്കളിൽ വിശ്വസിച്ചിരിക്കുന്നു, താങ്കൾ കൊണ്ടുവന്നതിലും വിശ്വസിച്ചു. താങ്കൾക്ക് ഞങ്ങളെപ്പറ്റി ഭയമുണ്ടോ?' അപ്പോൾ പ്രവാചകൻ പറഞ്ഞു: 'അതേ, തീർച്ചയായും. ഹൃദയം അല്ലാഹുവിന്റെ രണ്ട് വിരലുകൾക്കിടയിലാണ്. അല്ലാഹു താൻ ഉദ്ദേശിക്കുംവിധം അതിനെ മാറ്റിമറിച്ചുകൊണ്ടേയിരിക്കും' (തിർമിദി).**

മനുഷ്യന്റെ കർമങ്ങൾ നിയന്ത്രിക്കുന്ന പ്രധാന അവയവമാണ് ഹൃദയം. താനെന്ത് കർമങ്ങൾ ചെയ്യണമെന്നും, എന്ത് ചെയ്യേണ്ടെന്നും തീരുമാനിക്കുന്നതിൽ ഹൃദയത്തിന്റെ പങ്ക് വലുതത്രെ. മനുഷ്യന്റെ ശാരീരിക-മാനസിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആത്മീയ അസ്തിത്വം കൂടിയാണത്. മനുഷ്യൻ തന്റെ ഉത്കൃഷ്ടത വെളിപ്പെടുത്തുന്നത് ശരീരസൗന്ദര്യത്തിലൂടെയല്ല, മറിച്ച് ആന്തരികസൗന്ദര്യത്തിലൂടെയാണെന്ന് തെളിയിക്കുന്ന ഒരവയവം കൂടിയാണ് ഹൃദയം. നമ്മുടെ ഹൃദയങ്ങളെ എപ്പോഴും പൈശാചികപ്രേരണകൾ വേട്ടയാടുമെന്നതുകൊണ്ടാണ് വിശ്വാസം കൊണ്ട് അതിനെ വേരുറപ്പിച്ചു നിർത്താൻ നാം അഞ്ച് നേരത്തെ നമസ്കാരത്തിലൂടെ അല്ലാഹുവോട് പ്രാർഥിക്കുന്നത്. 'അല്ലാഹുവേ, നീ ഞങ്ങളെ നേരായ മാർഗത്തിൽ നയിക്കേണമേ' എന്ന് പ്രാർഥിക്കാൻ പഠിപ്പിക്കുന്നത് നമ്മുടെ ഹൃദയങ്ങൾ എപ്പോഴും വ്യതിചലിക്കാൻ സാധ്യതയുള്ളതുകൊണ്ടു കൂടിയാണ്. ഹൃദയത്തിന് സ്ഥൈര്യം ലഭിക്കാൻ അല്ലാഹുവിനോട് നിരന്തരം പ്രാർഥിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞതാണ് മേൽകൊടുത്ത നബിവചനം.

''നാഥാ, നീ ഞങ്ങളെ സന്മാർഗത്തിലേക്ക് നയിച്ചല്ലോ. ഇനി ഞങ്ങളുടെ മനസ്സുകളെ വക്രമാക്കരുതേ! നിന്റെ ഔദാര്യത്തിന്റെ ഖജനാവിൽനിന്ന് ഞങ്ങൾക്ക് കാരുണ്യം ചൊരിയേണമേ, നീ തന്നെയാണല്ലോ സാക്ഷാൽ അത്യുദാരൻ'' (*ആലുഇംറാൻ* 8). അല്ലാഹു നമ്മെ സന്മാർഗത്തിലേക്ക് നയിച്ചാലും നമ്മുടെ മനസ്സ് വക്രമാകാതിരിക്കാൻ നാം സദാ ബദ്ധശ്രദ്ധരാകണമെന്നാണ് ഈ ആയത്ത് നമ്മെ ഉണർത്തുന്നത്. പലതരം പ്രലോഭനങ്ങളാൽ കലുഷിതമായ ഒരു കെട്ട കാലത്താണ് നമ്മുടെ ജീവിതം. ശരീരം എത്രതന്നെ സുന്ദരമാക്കിവെച്ചിട്ടും കാര്യമില്ലെന്ന് മനസ്സിലാക്കണം. മനസ്സും ഹൃദയവുമാണ് മാറേണ്ടത്. ശരീരം പോലെ മനസ്സും സുന്ദരമായിരിക്കണം. പ്രവാചകൻ പറഞ്ഞു: ''അല്ലാഹു നോക്കുന്നത് നിങ്ങളുടെ ശരീരത്തിലേക്കല്ല, ഹൃദയങ്ങളിലേക്കാണ്.'' അതുകൊണ്ട് ഹൃദയം വിശുദ്ധമാവണം. വിശുദ്ധമാവുമ്പോഴേ വിശ്വാസത്തിന്റെ ബലത്തിൽ ഹൃദയത്തെ മലക്കം മറിയാതെ ഉറപ്പിച്ചു നിർത്താനാവൂ.

ഹൃദയത്തിന് സ്ഥൈര്യമുണ്ടാവണം. അപ്പോഴേ കർമങ്ങൾക്ക് നൈരന്തര്യമുണ്ടാവൂ. പുണ്യങ്ങളുടെ പൂക്കാലമായ റമദാൻ നമ്മിൽ നിന്ന് വിടപറഞ്ഞിട്ട് ആഴ്ചകളായിട്ടേയുള്ളൂ. അപ്പോഴേക്കും ജനനിബിഡമായിരുന്ന പള്ളികൾ ഇപ്പോൾ ഏറക്കുറെ കാലിയായി. ആരാധനകൾകൊണ്ട് ധന്യമാക്കപ്പെട്ട ഇരവുകൾ ഇന്ന് ശൂന്യമാണ്. രാത്രിനമസ്കാരങ്ങൾ റമദാനിൽ മാത്രം അനുഷ്ഠിക്കാനുള്ളതാണെന്ന ധാരണയാണ് പൊതുവെ നിലനിൽക്കുന്നത്. ഖുർആനിൽ ഇത്തരമൊരവസ്ഥയുടെ പരിണതിയെ ഒരുപമയിലൂടെ വിവരിക്കുന്നുണ്ട്. ഇത്തരക്കാരുടെ അവസ്ഥ സ്വന്തം ശ്രമത്താൽ ബലമുള്ള നൂൽ നൂൽക്കുകയും എന്നിട്ട് സ്വയം അതിനെ കഷ്ണങ്ങളായി പൊട്ടിച്ചെറിയുകയും ചെയ്ത സ്ത്രീയെ പോലെയാണെന്ന് *അന്നഹ്ൽ* അധ്യായത്തിൽ അല്ലാഹു ഉണർത്തുന്നുണ്ട്. അതിനാൽ കർമനൈരന്തര്യമാണ് ജീവിതത്തിനാവശ്യം. റമദാനിൽ ആർജിച്ചെടുത്ത ജീവിതസംസ്കാരം തുടർന്നുമുണ്ടാവണം. അല്ലാഹുവിന്റെ ദൂതൻ റമദാനിലും അല്ലാത്തപ്പോഴും കൃത്യമായി ആരാധനാകർമങ്ങൾ അനുഷ്ഠിച്ചിരുന്നു. ''ആർ ദൈവത്തിൽ വിശ്വസിക്കുന്നുവോ ദൈവം അവന്റെ ഹദയത്തിന് വഴികാട്ടിയാവും. അവൻ സർവജ്ഞനാണല്ലോ'' (*അത്തഗാബുൻ*: 11). ●